**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1663** **02-02-2024 - ൽ മറുപടിയ്ക്ക്**

**നെല്ല് സംഭരിച്ചയിനത്തിലുള്ള കുടിശിക തുക ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സീസണിൽ സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് പൂർണ്ണമായും കൊടുത്ത് തീർത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സപ്ലൈകോയിൽ നിന്നും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 17.45 കോടി രൂപ കൂടി നൽകുവാനുണ്ട്.<br><br>പി.ആർ.എസ്. വായ്പ ബാങ്കുകളിൽ നിന്ന് കൈപറ്റുന്നതിന് വിമുഖതയുള്ളവരുടെയും വായ്പ ലഭിക്കുന്ന അക്കൗണ്ടുകളിലെ സാങ്കേതിക തടസം നേരിടുന്നവരുടെയും അടക്കമുള്ള നെല്ല് സംഭരണ തുകയാണ് വിതരണം ചെയ്യാൻ ബാക്കിയുള്ളത്.<br><br>കർഷകരിൽ നിന്നും നെല്ല് സംഭരണത്തിന് സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള നോഡൽ ഏജൻസിയാണ് സപ്ലൈകോ. സപ്ലൈകോയുടെ മേൽനോട്ടത്തിൽ നെൽ കർഷകരുടെ കൃഷിയിടത്തിൽ നിന്നും നെല്ല് സംഭരിച്ച് സപ്ലൈകോയുമായി കരാറിലേർ പ്പെട്ടിട്ടുള്ള മില്ലുകൾ മുഖാന്തരം അരിയാക്കി (CMR) റേഷൻഷോപ്പ് വഴി വിതരണം നടത്തി, ***അന്നവിതരണ*** പോർട്ടലിൽ സിവിൽ സപ്ലൈസ് വകുപ്പ് ആയതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്നു. അതിനുശേഷം ആയതിന്റെ ക്ലെയിം തയ്യാറാക്കി മൂന്നുമാസത്തിലൊരിക്കൽ നൽകുമ്പോൾ മാത്ര മാണ് നെല്ലിന്റെ താങ്ങുവില കേന്ദ്ര സർക്കാരിൽ നിന്നും സപ്ലൈകോയ്ക്ക് ലഭിക്കുന്നത്. ഓരോ സീസണിലും നെല്ല് സംഭരണം മുതൽ , കേന്ദ്രസർക്കാരിൽ നിന്ന് ഫണ്ട് ലഭിക്കുന്നതിന് 3 മുതൽ 8 മാസം വരെ കാലതാമസം നേരിടുന്നുണ്ട്.<br><br>മുകളിൽ സൂചിപ്പിച്ച കാലതാമസം ഒഴിവാക്കു ന്നതിനും നെൽ കർഷകർക്ക് സമയബന്ധിതമായി സംഭരണ തുക നൽകുന്നതിനും വേണ്ടിയാണ് സപ്ലൈകോ PRS (Paddy Receipt Sheet) വായ്പാപദ്ധതി ഏർപ്പെടുത്തിയിരിക്കുന്നത്. കർഷകരിൽ നിന്നും മില്ലുകൾ ശേഖരിക്കുന്ന നെല്ലിന് രേഖയായി നൽകുന്ന രസീതാണ് പി.ആർ.എസ്. സംഭരിച്ച നെല്ലിന് |

| | | | |
|---|---|---|---|
| | | | അതിന് തുല്യമായി നൽകേണ്ട താങ്ങുവിലയും (MSP) സംസ്ഥാനവിഹിതവും (SIB) നൽകുന്നതിന് പി.ആർ.എസ് അത്യാവശ്യമാണ്. സപ്ലൈകോയ്ക്ക് മതിയായ ഫണ്ട് ലഭ്യമാകാതെ വന്നാൽ സംഭരിച്ച നെല്ലിന്റെ തെളിവായി നൽകിയിരിക്കുന്ന പി.ആർ.എസ് ഉപയോഗിച്ച് ബാങ്ക് മുഖേന കർഷകർക്ക് ടി തുക നൽകുന്ന പദ്ധതിയാണ് പി.ആർ.എസ് വായ്പാപദ്ധതി. |
| (ബി) | നെല്ല് സംഭരണ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ കഴിഞ്ഞ സീസണിൽ സംസ്ഥാനത്തിന് കുടിശികയായി എത്ര രൂപ നൽകുവാനുണ്ട് എന്ന് വ്യക്തമാക്കാമോ; സംസ്ഥാന സർക്കാരും കൈകാര്യച്ചെലവ് നൽകുന്നതിൽ കുടിശിക വരുത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ; | (ബി) | വിവിധ സാങ്കേതിക കാരണങ്ങൾ ഉന്നയിച്ചുകൊണ്ട് 2022-23 വർഷത്തിൽ ആകെ **351.23** കോടി രൂപ കേന്ദ്ര സർക്കാർ തടഞ്ഞുവച്ചിട്ടുണ്ട്.<br><br>കഴിഞ്ഞ സീസണിൽ കൈകാര്യ ചെലവ് ഉൾപ്പെടെയുള്ള എല്ലാ ചെലവുകൾക്കും കൂടി **17.45** കോടി രൂപ കർഷകർക്ക് നൽകാനുണ്ട്. |
| (സി) | കർഷകരിൽ നിന്ന് സംഭരിക്കുന്ന നെല്ലിൽ, കീടശല്യം മൂലം ഗുണനിലവാരം കുറഞ്ഞ നെല്ലിന് കർഷകർക്ക് നൽകുന്ന സംഭരണ തുകയിൽ അന്യായമായ കിഴിവ് മില്ലുടമകൾ നടത്തിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | നെല്ല സംഭരണത്തിന് ബാങ്ക് ഗ്യാരന്റി സംസ്ഥാന സർക്കാർ നൽകുമ്പോൾ കർഷകൻ കടക്കാരനാകുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ